O/C

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ13/7075/16/സിഇ/തസ്വഭവ

തീയതി :16 .08.2016

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് &
ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - അപകീർത്തികരമായ ഫേസ്ബുക്ക് പോസ്റ്റിനെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- മേൽ വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് & ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 787521/16/MLSGD നമ്പർ കത്ത്

തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടേത് എന്ന പേരിൽ "സർക്കാർ ഓഫീസിൽ ചാരു കസേരയിൽ ചമ്രംപടിഞ്ഞിരുന്ന് കാല് മേശമേൽ ഉയർത്തിവച്ച് മുറുക്കാൻ ചവയ്ക്കുന്ന" എന്ന അടിക്കുറിപ്പോടെയുള്ള ഒരു ഫേസ്ബുക്ക് പോസ്റ്റ് സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ചിരുന്നു. ഈ വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് & ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മേൽ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടി വിഷയത്തിന്മേലുള്ള അന്വേഷണത്തിൽ, സോഷ്യൽ മീഡിയയിലൂടെ ഇത്തരത്തിൽ പ്രചരിച്ചിരുന്ന ഫോട്ടോ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയറുടേത് ആയിരുന്നില്ല എന്ന് വ്യക്തമാകുകയുണ്ടായി. ഫോട്ടോയിൽ കാണുന്ന വ്യക്തി പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ തൊഴിലുറപ്പ് (MGNREGS) പദ്ധതിക്കുവേണ്ടി ഗ്രാമവികസന വകുപ്പിൻ കീഴിലുള്ള ബ്ലോക്ക് പഞ്ചായത്ത് തന്നെ നിയമിച്ച ശ്രീ. പൗലോസ് (അക്രഡിറ്റ് എൻജിനീയർ) എന്നയാളാണ്. ടി വ്യക്തി എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടയാളല്ല. തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് ഉദ്യോഗസ്ഥരെ സമൂഹമധ്യത്തിൽ താറടിച്ചു കാണിക്കുന്നതിനുള്ള കുൽസിത ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഈ ഫേസ്ബുക്ക് പോസ്റ്റ് പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടേത് എന്ന പേരിൽ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചിട്ടുള്ളത്. ഇത് പഞ്ചായത്ത് സെക്രട്ടറി/ബി.ഡി.ഒ. മാരുടെ Whats App ലാണ് പ്രചരിച്ചിരുന്നത്.

ഈ വിഷയത്തിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടേത് എന്ന പേരിൽ പ്രചരിച്ച ഫേസ്ബുക്ക് പോസ്റ്റ് വ്യക്തിപരമായി തനിക്ക് അപകീർത്തികരമാണെന്ന് കാണിച്ച് പാറക്കടവ് ബ്ലോക്കിലെ എൻജിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. വേലായുധൻ വി.ആർ. ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ സൈബർ സെല്ലിൽ പരാതി നൽകിയിട്ടുണ്ട്. (പരാതി നം. 164/DTN/CHND/16 dated 02.07.2016). ഈ വിഷയത്തിൽ അന്വേഷണം നടത്തി തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ വ്യക്തിപരമായി തേജോവധം ചെയ്യുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ വ്യാജപ്രചരണം നടത്തിയവരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനായി ഈ ഓഫീസിൽ നിന്ന് എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ട്.

സൂചനാ വിഷയത്തിൽ അന്വേഷണം നടത്തിയതിന്റെ വിവരങ്ങൾ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

17/8/16

ചീഫ് എൻജിനീയർ

S1299